6870
16/6/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- കോട്ടയം മുളക്കുളം ഗ്രാമപഞ്ചായത്തിലെ വൃദ്ധസദനത്തിന്റെ മുകളിൽ ഒരു നില നിർമ്മിക്കുന്നതിനും താഴത്തെ നിലയുടെ ബാക്കി പണികൾ പൂർത്തീകരിക്കുന്നതിനും ഭരണാനുമതി നൽകി ഉത്തരവാകുന്നു.

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.347/2015/സാനീവ    തിരുവനന്തപുരം, തീയതി, 08.06.2015

പരാമർശം : (1) സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 06.05.2015 ലെ എഫ് 5- 35021/14 നം. കത്ത്

(2) 16.05.2015 ലെ വർക്കിംഗ് ഗ്രൂപ്പ് തീരുമാനം.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള കോട്ടയം മുളക്കുളം ഗ്രാമപഞ്ചായത്തിലെ വൃദ്ധസദനം കെട്ടിടത്തിന്റെ മുകളിൽ ഒരു നില നിർമ്മിക്കുന്നതിനും താഴത്തെ നിലയുടെ ബാക്കി പണികൾ പൂർത്തീകരിക്കുന്നതിനുമായി ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള പ്രൊപ്പോസൽ പരാമർശത്തിലെ കത്ത് പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമർപ്പിച്ചു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കോട്ടയം മുളക്കുളം ഗ്രാമപഞ്ചായത്തിലെ വൃദ്ധസദനം പ്രവർത്തിച്ചുവരുന്ന കെട്ടിടത്തിന്റെ മുകളിൽ ഒരു നില നിർമ്മിക്കുന്നതിനും താഴത്തെ നിലയുടെ ബാക്കി പണികൾ പൂർത്തീകരിക്കുന്നതിനുമായി പ്രസ്തുത വൃദ്ധ സദനം സ്ഥിതിചെയ്യുന്ന ഭൂമി ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും സാമൂഹ്യനീതി വകുപ്പിന് കൈമാറ്റം ചെയ്യണമെന്ന വ്യവസ്ഥ നിലനിർത്തികൊണ്ട് പ്രസ്തുത പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയും ആയതിലേയ്ക്കായി ഒരു കോടി രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ 4235-60-800-98(പി) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എ.ഷാജഹാൻ

സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ